**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആർദ്രം പദ്ധതി - കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്വവും - പുനഃനിർവചിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ(അച്ച)നം.118/2018/ആ.കു.വ തീയതി, തിരുവനന്തപുരം, 26.08.2018.

പരാമർശം: 1. സ.ഉ (അച്ച)നം.254/2003/ആ.കു.വ, തീയതി 9.12.2003.

2. സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോർസ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.06.2018 ലെ അഡ്മിൻ.11-81/2017/എസ്.എച്ച്.എസ്.ആർ.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആർദ്രം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നതനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്ന സാഹചര്യത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്വവും, അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം, പുനഃനിർവചിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവ് സദാനന്ദൻ,**

അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ-കേരള, തൈക്കാട്, തിരുവനന്തപുരം.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)

ആരോഗ്യ കുടുംബക്ഷേമ (എം)/(എഫ്.ഡബ്ലിയു) വകുപ്പ്,

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Milan

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്വവും

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം മെച്ചപ്പെട്ട ആരോഗ്യ സൂചികകൾ കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും ജനസംഖ്യാ ഘടനയിലും രോഗാതുരതയിലും ഉണ്ടായിരിക്കുന്ന പ്രകടമായ വ്യത്യാസംമൂലം പുതിയതരം വെല്ലുവിളികളെയാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. ജീവിതശൈലീ രോഗങ്ങൾ, ഒരിക്കൽ നിയന്ത്രണ വിധേയമായ പകർച്ചവ്യാധികളുടെ പുനഃപ്രവേശം, പുതിയതരം സാംക്രമിക രോഗങ്ങൾ, അതിഥി തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ, അപകടങ്ങൾ, മുറിവുകൾ, പ്രതികൂല പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ കാരണമുണ്ടാകുന്ന ഉയർന്ന രോഗാതുരതയെ നാം നേരിടേണ്ടിയിരിക്കുന്നു. ജനതയുടെ മാറിയ ആരോഗ്യ ആവശ്യങ്ങൾ ഫലപ്രദവും സമഗ്രവുമായി കൈകാര്യം ചെയ്യാൻ നിലവിലുള്ള ആരോഗ്യ സംവിധാനം പര്യാപ്തമല്ല. ഇതുകൊണ്ട് തന്നെ ജനതയുടെ ആരോഗ്യ ചെലവുകൾ വളരെയധികം വർദ്ധിച്ച സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന മാതൃകയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നതോടെ സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷയുടെ വിവിധ ഘടകങ്ങളായ പ്രതിരോധ, ആരോഗ്യവർദ്ധക, ചികിത്സ, പുനരധിവാസ, സാന്ത്വന സേവനങ്ങൾ ഇവിടങ്ങളിൽ കേന്ദ്രീകരിക്കാൻ സാധിക്കും.

ഈ മാറിയ സാഹചര്യത്തിൽ സമഗ്ര പ്രാഥമികാരോഗ്യ സംരക്ഷണ സേവനങ്ങൾ നൽകുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുൾപ്പെടെ മുഴുവൻ ആരോഗ്യ സേവകരുടേയും ചുമതലകളും ഉത്തരവാദിത്തങ്ങളും പുനഃനിർവചിക്കേണ്ടത് അത്യാവശ്യമാണ്.

ഹെൽത്ത് ഇൻസ്പെക്ടറിന് സ്ഥാപനതലത്തിലും ഫീൽഡ് തലത്തിലും ഉത്തരവാദിത്തമുണ്ട്. സ്ഥാപനതലത്തിലുള്ള ഉത്തരവാദിത്തം കുടുംബാരോഗ്യ കേന്ദ്രത്തിലും ഫീൽഡ്തല ഉത്തരവാദിത്തങ്ങൾ കാലാനുസൃതമായി തങ്ങളിൽ നിക്ഷിപ്തമായ പ്രദേശത്തെ ജനസംഖ്യാടിസ്ഥാനത്തിലാണ്. പ്രദേശത്തിന്റെ ഭൂപ്രകൃതിയ്ക്കും ജനസാന്ദ്രതയ്ക്കും അനുസൃതമായി സാധാരണ ഗതിയിൽ 25000 മുതൽ 40000 വരെ ജനങ്ങളുടെ ഉത്തരവാദിത്തമാണ് ഇവരിൽ അർപ്പിച്ചിട്ടുള്ളത്.

**താഴെപ്പറയുന്ന രീതിയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവചിക്കപ്പെട്ടിരിക്കുന്നു.**

### I. ഭരണപരവും പൊതുവായതുമായ ഉത്തരവാദിത്വങ്ങൾ

I.1 കുടുംബാരോഗ്യ കേന്ദ്ര ടീമിന്റെ സജീവ അംഗം എന്ന നിലയിൽ ഫീൽഡ് തലത്തിൽ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ആശ, അങ്കൻവാടി പ്രവർത്തകർ, ആരോഗ്യ സേനാംഗങ്ങൾ, സമൂഹത്തിലെ മറ്റു ഉത്തരവാദിത്തപ്പെട്ട വ്യക്തികൾ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സമഗ്ര ആരോഗ്യ സേവന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

I.2. കുടുംബാരോഗ്യകേന്ദ്ര ടീം അംഗമെന്ന നിലയിൽ നിയുക്ത പ്രദേശത്തെ ഓരോ വ്യക്തിയ്ക്കും സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

I.3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഔദ്യോഗിക ചുമതലയുള്ള ആളെന്ന നിലയിൽ തദ്ദേശ സ്വയംഭരണം, സാമൂഹ്യ നീതി, വനിതാ ശിശു വികസനം, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെ പഞ്ചായത്ത് തലത്തിൽ ആരോഗ്യ അനുബന്ധ സാമൂഹ്യ ഘടകങ്ങളെ സംബോധന ചെയ്യേണ്ടതാണ്.

I.4. ഹെൽത്ത് ഇൻസ്പെക്ടർ കൺകറന്റ്/കൺസിക്യൂട്ടീവ് സൂപ്പർവിഷൻ പ്രവർത്തന പ്രദേശത്ത് നടത്തേണ്ടതാണ്.

I.5. വാർഡ് തല പോഷണ ശുചിത്വ കമ്മിറ്റിയുടെയും ആരോഗ്യ സേനാംഗങ്ങളുടെയും പ്രതിമാസ മീറ്റിംഗ് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്. ഈ മീറ്റിംഗുകളിലെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കേണ്ടതാണ്.

I.6. ഓരോ വർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കുടുംബാരോഗ്യ സർവ്വേ നടത്തി ഇ-ഹെൽത്ത് മുഖേന കുടുംബാരോഗ്യ രജിസ്റ്റർ പുതുക്കുന്നതിന് നേതൃത്വം നൽകേണ്ടതാണ്.

I.7. വാർഡ് തലത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർ നടത്തുന്ന ആരോഗ്യ, ആരോഗ്യഅനുബന്ധ വിവരശേഖരണം, ക്രോഡീകരണം, വിശകലനം എന്നിവ മേൽനോട്ടം നടത്തി വാർഡ്തല വാർഷിക ആരോഗ്യ അവസ്ഥാ റിപ്പോർട്ട് (എച്ച്.എസ്.ആർ) തയ്യാറാക്കാൻ സഹായിക്കേണ്ടതാണ്. ഇതിൽ നിന്നും ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനായി കർമ്മ പദ്ധതികൾ തയാറാക്കുകയും ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

I.8. ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള കർമ്മ പദ്ധതികൾ (പ്രത്യേകിച്ച് പ്രമേഹവും രക്താതി മർദ്ദവും) നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത്/കുടുംബാരോഗ്യ കേന്ദ്ര തലത്തിൽ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വേണം.

I.9. പകർച്ചവ്യാധി നിയന്ത്രണ മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് കുടുംബാരോഗ്യ കേന്ദ്രതലത്തിൽ കർമ്മ പദ്ധതി തയ്യാറാക്കി, നടപ്പിലാക്കേണ്ടതാണ്.

I.10. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർ റിപ്പോർട്ട് ചെയ്യുന്ന പൊതുജനാരോഗ്യ നിയമലംഘനങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയും മേലധികാരികളെ സമയബന്ധിതമായി അറിയിക്കുകയും ചെയ്യേണ്ടതാണ്.

I.11. സബ്സെന്റർ തലത്തിൽ നിർദ്ദേശിക്കപ്പെട്ട രജിസ്റ്ററുകളും റിപ്പോർട്ടുകളും കൃത്യമായി പരിശോധിക്കേണ്ടതാണ്.

I.12. കുടുംബാരോഗ്യ രജിസ്റ്റർ, ഇ-ഹെൽത്ത്, ആരോഗ്യ അവസ്ഥാ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്ത്യാധിഷ്ടിത, കുടുംബാധിഷ്ടിത, വാർഡുതല ആരോഗ്യ സേവന പ്രദാന പ്ലാനുകൾ തയ്യാറാക്കേണ്ടതാണ്.

I.13. പഞ്ചായത്തുതല വാർഷിക ആരോഗ്യ അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സജീവമായി പങ്കെടുക്കേണ്ടതാണ്.

I.14. വാർഷിക ആരോഗ്യ അവസ്ഥാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്തല ആരോഗ്യ സേവന പ്രദാന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിൽ നേതൃത്വം വഹിക്കുകയും മെഡിക്കൽ ഓഫീസറെ സഹായിക്കുകയും ചെയ്യേണ്ടതാണ്.

I.15. പ്രദേശത്തെ പ്രധാന ആരോഗ്യ സംബന്ധമായ സംഭവങ്ങളും വിഷയങ്ങളും സമയബന്ധിതമായി നടപടി സ്വീകരിച്ച് മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## II. ക്ലിനിക്കൽ ഉത്തരവാദിത്തങ്ങൾ

II.1. ഉച്ചയ്ക്ക് ശേഷം (2 PM-4 PM) കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും സംഘടിപ്പിക്കപ്പെടുന്ന ക്ലിനിക്കുകൾ, അംഗൻവാടികളിലും മറ്റ് പ്രവർത്തന പ്രദേശങ്ങളിലും നടക്കുന്ന ക്ലിനിക്കുകൾ, ക്ലാസ്സുകൾ എന്നിവയുടെ മേൽനോട്ടം നടത്തേണ്ടതാണ്.

II.2. ഫീൽഡ് തലത്തിലും, സബ്സെന്റർ തലത്തിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നടത്തുന്ന പ്രാഥമികചികിത്സയ്ക്ക് മേൽ നോട്ടം നടത്തേണ്ടതാണ്.

II.3. മലമ്പനി നിർണ്ണയത്തിനായുള്ള ആർ.ഡി.റ്റി/രക്തസ്മിയർ പരിശോധന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നടത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

II.4. ക്ഷയരോഗം സംശയിക്കുന്നവരെ കഫ പരിശോധനയ്ക്ക് റഫർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

II.5. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് കാലാനുസൃതമായി, ജീവിതശൈലീ രോഗങ്ങളുടെ തുടർ ചികിൽസാ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

II.6. ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണ പരിപാടികളിൽ പങ്കെടുത്ത് മേൽനോട്ടം വഹിക്കേണ്ടതാണ്.

## III. പൊതുജനാരോഗ്യ ചുമതലകൾ

ഹെൽത്ത് ഇൻസ്പെക്ടർ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നടത്തേണ്ടതാണ്.

III.1. പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും

III.2. പകർച്ചേതര വ്യാധി പ്രതിരോധവും നിയന്ത്രണവും

III.3. പോഷണ ഇടപെടലുകളും, സേവനങ്ങളും

III.4. പ്രവർത്തന പ്രദേശത്തെ ദേശീയ, സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് ആരോഗ്യ പദ്ധതികൾ

III.5. പ്രവർത്തന പ്രദേശത്ത് പൊതുജനാരോഗ്യ നിയമങ്ങൾ നടപ്പിലാക്കൽ

III.6. പുനരധിവാസ സേവനങ്ങളും, സാന്ത്വന പരിചരണ സേവനങ്ങളും ലഭ്യമാക്കുക

III.7. മുകളിൽ നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങളുടെ നിരീക്ഷണവും റിപ്പോർട്ടിംഗും

III.8. തയ്യാറാക്കപ്പെട്ട ആരോഗ്യ പാക്കേജ് പ്രകാരം വ്യക്തിഗത, കുടുംബ, വാർഡ്തല, സേവന പ്രദാന പദ്ധതി നടപ്പിലാക്കൽ

III.9. ആരോഗ്യഅനുബന്ധ സാമൂഹ്യ ഘടകങ്ങൾ സംബോധന ചെയ്യുന്നതിന് സാങ്കേതിക സഹായം നൽകുക

## IV. ജോലി സമയവും അടിയന്തര സേവനങ്ങളും

IV.1. രാവിലെ 9 AM മുതൽ 1 PM വരെ - ഫീൽഡ് തല പ്രവർത്തനങ്ങൾ

IV.2. ഉച്ചയ്ക്ക് 2 PM-4 PM വരെ - ക്ലിനിക്കുകളും, ഓഫീസ് ജോലികളും

IV.3. ആരോഗ്യ അടിയന്തരാവസ്ഥകളിൽ 24 മണിക്കൂറും സേവനം നൽകാൻ സജ്ജരായിരിക്കേണ്ടതാണ്.

*(കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹാജർ രേഖപ്പെടുത്തിയതിന് ശേഷം ഫീൽഡ് പ്രവർത്തനത്തിനു പോകേണ്ടതാണ്. ഈ വിവരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ജോലി സമയത്ത് സ്വന്തം ഫീൽഡ് ഡയറി കയ്യിൽ കരുതേണ്ടതുമാണ്)*

## V. പ്രവർത്തന പ്രദേശവും സന്ദർശന സ്വഭാവവും

V.1 കാലാകാലങ്ങളിൽ പുനർ നിർവ്വചിക്കപ്പെടുന്നതനുസരിച്ച് പ്രവർത്തന പ്രദേശവും ജന സംഖ്യയും വ്യത്യാസപ്പെടുന്നതാണ്.

V.2. പ്രദേശത്തെ അംഗൻവാടികൾ, ആദിവാസി കോളനികൾ, നഗര ചേരികൾ, അനാഥാലയ ങ്ങൾ, വൃദ്ധസദനങ്ങൾ, സ്കൂളുകൾ, മറ്റ് സ്ഥാപനങ്ങൾ, എസ്റ്റേറ്റ് പാടികൾ എന്നിവ കർമ്മ പദ്ധതി അനുസരിച്ച് സന്ദർശിക്കേണ്ടതാണ്.

V.3. എല്ലാ റിപ്പോർട്ടുകളും മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

V.4. **സൂപ്പർവിഷൻ**

V.4.1 ഹെൽത്ത് ഇൻസ്പെക്ടർ ഓരോ മാസത്തിലും ഏറ്റവും കുറഞ്ഞത് ആറു തവണ കൺകറന്റ് സൂപ്പർവിഷൻ നടത്തേതാണ്. ഇവയുടെ സമയപട്ടിക അഡ്വാൻസ് ടൂർ പ്രോഗ്രാമിൽ ഉൾപ്പെടുത്തേണ്ടതാണ്. മെഡിക്കൽ ഓഫീസറുടെ അനുവാദം ഇല്ലാതെ ഇതിൽ മാറ്റം വരുത്താൻ പാടില്ല. ഇവയുടെ പ്രതിവാര റിപ്പോർട്ടുകൾ ജില്ലാ മെഡി ക്കൽ ഓഫീസർക്ക് ഉചിതമാർഗ്ഗേണ അയച്ചു കൊടുക്കേണ്ടതാണ്.

V.4.2 ഹെൽത്ത് ഇൻസ്പെക്ടർ ഓരോ മാസത്തിലും ഏറ്റവും കുറഞ്ഞത് അഞ്ച് തവണ കോൺസിക്യൂട്ടീവ് സൂപ്പർ വിഷൻ നടത്തേണ്ടതാണ്. ഇവയുടെ വിശദമായ റിപ്പോർട്ടുകൾ മെഡിക്കൽ ഓഫീസർ ഇൻചാർജ്ജിന് സമർപ്പിക്കേണ്ടതുമാണ്. തുടർ സന്ദർശനവും മേൽനോട്ടവും പരിഹാര നടപടികൾ പൂർത്തീകരിക്കുന്നതുവരെ തുടരേണ്ടതും രണ്ട് മാസം കൂടുമ്പോൾ റിപ്പോർട്ട് നൽകേണ്ടതുമാണ്.

## VI. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രധാന പ്രവർത്തന മേഖലകൾ താഴെ പറയുന്നവയാണ്

VI.1. ദേശീയ ആരോഗ്യ പരിപാടികളുടെ നിർവ്വഹണം

VI.2. പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ

VI.3. പകർച്ചേതരവ്യാധി നിയന്ത്രണ പരിപാടികൾ

VI.4. ഭിന്നശേഷിക്കാരുടെ ആരോഗ്യ സംരക്ഷണം

VI.5. പൊതുജനാരോഗ്യ നിയമങ്ങളുടെ നടപ്പിലാക്കൽ

VI.6. പരിസ്ഥിതി ശുചിത്വം ഉറപ്പാക്കൽ

## VI.1. ദേശീയ ആരോഗ്യ പരിപാടികളുടെ നിർവ്വഹണം

VI.1.1. പകർച്ച-പകർച്ചേതര വ്യാധികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട എല്ലാ ദേശീയ ആരോഗ്യ പരിപാടികൾക്കും ഹെൽത്ത് ഇൻസ്പെക്ടർ മേൽനോട്ടം വഹിക്കേണ്ടതാണ്.

VI.1.2 ആർ.സി.എച്ച് പരിപാടികളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.

## VI.2. പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ

VI.2.1. വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള രോഗങ്ങളും പകർച്ചവ്യാധികളും കണ്ടെത്തി, 24 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് ചെയ്ത് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.

VI.2.2. ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വൈലൻസ് പ്രോഗ്രാം (IDSP) പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

VI.2.3. പകർച്ചവ്യാധി നിയന്ത്രണത്തിന് കർമ്മ പദ്ധതി തയ്യാറാക്കുക. സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പകർച്ചവ്യാധി നിയന്ത്രണ പരിപാടിയായ "ജാഗ്രത" പ്രവർത്തനത്തിന് മേൽനോട്ടം നൽകുക.

VI.2.4. പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട എല്ലാ ദേശീയ, സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പരിപാടികൾക്കും നേതൃത്വം നൽകി റിപ്പോർട്ട് സമർപ്പിക്കുക.

VI.2.5. ലൈംഗിക രോഗങ്ങൾ (RT/STI) ഉൾപ്പടെയുള്ള പകർച്ചവ്യാധികൾക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

VI.2.6. ദേശീയ എയ്ഡ്സ് നിയന്ത്രണ മാർഗ്ഗരേഖ പ്രകാരമുള്ള 'സ്പെഷ്യൽ ഹൈ റിസ്ക് ഗ്രൂപ്പു'കളെ കണ്ടെത്തുന്നു എന്ന് ഉറപ്പ് വരുത്തുക.

## VI.3. പകർച്ചേതര വ്യാധി നിയന്ത്രണം

VI.3.1. പ്രമേഹവും രക്താതി മർദ്ദവും നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ പ്രവർത്തനങ്ങൾ

- ജീവിതശൈലീ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകി നടപ്പിലാക്കുക.
- പ്രദേശത്തെ ജനസംഖ്യാടിസ്ഥാനത്തിൽ സ്ക്രീനിംഗ് പ്രവർത്തനങ്ങൾ
- കണ്ടെത്തിയ രോഗികളെ സമയബന്ധിതമായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുന്നത് ഉറപ്പ് വരുത്തുക.
- കണ്ടെത്തിയ രോഗികളെ എൻ.സി.ഡി.ക്ലിനിക്കിൽ പേര് രജിസ്റ്റർ ചെയ്യുകയും ഉപകേന്ദ്രം

VI.5. പൊതുജനാരോഗ്യ നിയമങ്ങളുടെ നടപ്പിലാക്കൽ

VI.6. പരിസ്ഥിതി ശുചിത്വം ഉറപ്പാക്കൽ

**VI.1. ദേശീയ ആരോഗ്യ പരിപാടികളുടെ നിർവ്വഹണം**

VI.1.1. പകർച്ച-പകർച്ചേതര വ്യാധികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട എല്ലാ ദേശീയ ആരോഗ്യ പരിപാടികൾക്കും ഹെൽത്ത് ഇൻസ്പെക്ടർ മേൽനോട്ടം വഹിക്കേണ്ടതാണ്.

VI.1.2 ആർ.സി.എച്ച് പരിപാടികളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.

**VI.2. പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ**

VI.2.1. വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള രോഗങ്ങളും പകർച്ചവ്യാധികളും കണ്ടെത്തി, 24 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് ചെയ്ത് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.

VI.2.2. ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വൈലൻസ് പ്രോഗ്രാം (IDSP) പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

VI.2.3. പകർച്ചവ്യാധി നിയന്ത്രണത്തിന് കർമ്മ പദ്ധതി തയ്യാറാക്കുക. സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പകർച്ചവ്യാധി നിയന്ത്രണ പരിപാടിയായ "ജാഗ്രത" പ്രവർത്തനത്തിന് മേൽനോട്ടം നൽകുക.

VI.2.4. പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട എല്ലാ ദേശീയ, സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പരിപാടികൾക്കും നേതൃത്വം നൽകി റിപ്പോർട്ട് സമർപ്പിക്കുക.

VI.2.5. ലൈംഗിക രോഗങ്ങൾ (RT/STI) ഉൾപ്പടെയുള്ള പകർച്ചവ്യാധികൾക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

VI.2.6. ദേശീയ എയ്ഡ്സ് നിയന്ത്രണ മാർഗ്ഗരേഖ പ്രകാരമുള്ള 'സ്പെഷ്യൽ ഹൈ റിസ്ക് ഗ്രൂപ്പു'കളെ കണ്ടെത്തുന്നു എന്ന് ഉറപ്പ് വരുത്തുക.

**VI.3. പകർച്ചേതര വ്യാധി നിയന്ത്രണം**

VI.3.1. പ്രമേഹവും രക്താതി മർദ്ദവും നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ പ്രവർത്തനങ്ങൾ

- ജീവിതശൈലീ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകി നടപ്പിലാക്കുക.
- പ്രദേശത്തെ ജനസംഖ്യാടിസ്ഥാനത്തിൽ സ്ക്രീനിംഗ് പ്രവർത്തനങ്ങൾ
- കണ്ടെത്തിയ രോഗികളെ സമയബന്ധിതമായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുന്നത് ഉറപ്പ് വരുത്തുക.
- കണ്ടെത്തിയ രോഗികളെ എൻ.സി.ഡി.ക്ലിനിക്കിൽ പേര് രജിസ്റ്റർ ചെയ്യുകയും ഉപകേന്ദ്രം

വഴി തുടർ ചികിൽസ ഉറപ്പാക്കുകയും ചെയ്യുക.

- കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്ന് ഓരോ രോഗിക്കും പ്രത്യേകമായി വിതരണം ചെയ്ത മരുന്നുകൾ ഉപകേന്ദ്രത്തിൽ സൂക്ഷിച്ച് മുടക്കം വരാതെ രോഗിക്ക് ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
- മാർഗ്ഗരേഖ പ്രകാരം അപകട ലക്ഷണങ്ങൾ കണ്ടുപിടിക്കുകയും തുടർ ചികിൽസ ഉറപ്പാക്കുകയും ചെയ്യുക.
- ജീവിതശൈലിയിൽ മാറ്റം വരുത്താൻ വേണ്ട ബോധവൽക്കരണ, ശീലവൽക്കരണ പരിപാടികൾ നടപ്പിലാക്കുക (ഭക്ഷണം, വ്യായാമം, പുകയില വർജ്ജനം തുടങ്ങിയവ).

## VI.3.2. ആസ്ത്മ, സി.ഒ.പി.ഡി. രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും – ശ്വാസ് പ്രോഗ്രാം

- ആസ്ത്മ, സി.ഒ.പി.ഡി രോഗങ്ങൾക്ക് ആരോഗ്യ വർദ്ധക പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പുതിയ രോഗികളെ കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രത്തിലെ "ശ്വാസ്" ക്ലിനിക്കിലേക്ക് റഫർ ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.
- പുതിയ രോഗികളെ സബ്സെന്റർ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.
- രോഗികൾക്ക് സബ്സെന്ററിലും ഫീൽഡിലും തുടർ സേവനം ഉറപ്പു വരുത്തുക.
- പുകയില വർജ്ജനത്തിന് ബോധവൽക്കരണ/ശീലവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

## VI.3.3. മാനസികരോഗ പ്രതിരോധവും നിയന്ത്രണവും

- പ്രവർത്തന പ്രദേശത്ത് സ്ക്രീനിംഗ് ചാർട്ട് ഉപയോഗിച്ച് വിഷാദരോഗ ലക്ഷണമുള്ളവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ കണ്ടെത്തുന്നു എന്ന് ഉറപ്പ് വരുത്തുക.
- കുടുംബാരോഗ്യ കേന്ദ്രത്തിലെ 'ആശ്വാസ്' ക്ലിനിക്കിലേക്ക് റഫർ ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുക.
- മദ്യപാനം, ആത്മഹത്യാ പ്രവണത, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഇവ തടയുന്നതിന് വേണ്ട ബോധവൽക്കരണ ശീലവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- രോഗികൾ കൃത്യമായി മരുന്ന് കഴിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
- വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന പുനരധിവാസ സാധ്യതകൾ ഏകോപിപ്പിക്കുക

## VI.3.4. ക്യാൻസർ പ്രതിരോധവും നിയന്ത്രണവും

- ക്യാൻസർ രോഗത്തിനെതിരെ ആരോഗ്യ വർദ്ധക പ്രതിരോധ പ്രവർത്തനങ്ങൾ.
- ക്യാൻസർ പ്രാഥമിക നിർണ്ണയം നടത്തുന്നതിന് സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക

- ക്യാൻസർ രോഗം സംശയിക്കുന്നവരെ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുക.
- തുടർ ചികിൽസയും പുനരധിവാസ സേവനവും ഉറപ്പ് വരുത്തുക
- ക്യാൻസർ നിയന്ത്രണത്തിന് ബോധവൽക്കരണ/ശീലവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക

## VI.3.5. മുതിർന്ന പൗരൻമാരും സാന്ത്വന പരിചരണവും

- പ്രവർത്തന പ്രദേശത്തെ മുതിർന്ന പൗരൻമാരെ കണ്ടെത്തുകയും അവരുടെ ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക
- ഉപകേന്ദ്രത്തിൽ നിശ്ചിത ദിവസം വയോജന ക്ലിനിക് നടത്തുന്നതിന് നേതൃത്വം കൊടുക്കുക
- ആരോഗ്യ പ്രശ്നങ്ങൾക്ക് മാർഗ്ഗരേഖ പ്രകാരം കൃത്യമായ ചികിൽസയും റഫറൽ സേവനവും ഉറപ്പ് വരുത്തുക.
- വയോജന കൂട്ടായ്മകൾ സംഘടിപ്പിക്കുക
- പ്രദേശത്തെ സാന്ത്വന ചികിൽസ അർഹിക്കുന്നവരെ കണ്ടെത്തി രജിസ്റ്റർ ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുക.
- പാലിയേറ്റീവ് ഗൃഹസന്ദർശനത്തിൽ പങ്കെടുത്ത് മേൽനോട്ടം വഹിക്കുക
- രോഗീ പരിചാരകർക്ക് അവബോധവും പിന്തുണയും നൽകുക
- പുനരധിവാസ സേവനങ്ങൾ ഉറപ്പ് വരുത്തുക
- തിമിര ശസ്ത്രക്രിയക്ക് അർഹരായവരെ കണ്ടെത്തി ക്യാമ്പുകളിലേക്ക് റഫർ ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുക.

## VI.4. ഭിന്നശേഷിക്കാരുടെ ആരോഗ്യ സംരക്ഷണം

- പ്രദേശത്തെ മുഴുവൻ ഭിന്നശേഷിക്കാരെ കണ്ടെത്തി പുനരധിവാസ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുക
- ഇവർക്കെതിരെ അതിക്രമങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഉടനടി പോലീസിനും മേലധികാരികൾക്കും റിപ്പോർട്ട് ചെയ്യുക

## VI.5. പൊതുജനാരോഗ്യ നിയമങ്ങളുടെ നടപ്പിലാക്കൽ

- പ്രദേശത്ത് ഡി&ഒ ട്രേഡ് ശ്രദ്ധയിൽ പെട്ടാൽ നിലവിലുള്ള പൊതുജനാരോഗ്യ നിയമങ്ങൾക്ക് വിധേയമായി തിരുത്തൽ നടപടികൾ സ്വീകരിക്കുകയും മേലധികാരികൾക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുക.
- മെഡിക്കൽ ഓഫീസർ മുഖാന്തിരം ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ഉപദേശം നൽകുക.

- പൊതുജനാരോഗ്യ സംബന്ധമായ പ്രശ്നങ്ങൾക്ക് മെഡിക്കൽ ഓഫീസർക്ക് സാങ്കേതിക സഹായം നൽകുക.
- പൊതുജനാരോഗ്യം, പഞ്ചായത്ത് രാജ്, COTPA, POCSO, മുതിർന്ന പൗരൻമാരുടെ സംരക്ഷണം, ഗാർഹിക പീഡന നിരോധനം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുക.
- കന്നുകാലി ഫാമുകൾ, കശാപ്പു ശാലകൾ, നിർമ്മാണ ശാലകൾ, ഫാക്ടറികൾ, ഭക്ഷണ വ്യാപാര വിപണന ശാലകൾ തുടങ്ങിയവ പരിശോധിച്ച് നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുക.
- പഞ്ചായത്ത്രാജ് ആക്ട് നിയമ പ്രകാരം ഫാക്ടറികൾ, നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ പരിശോധിച്ച് പൊതുജനാരോഗ്യ നിയമ ലംഘനം കണ്ടെത്തുകയും പരിഹാര നടപടി സ്വീകരിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുക.
- അതിഥി തൊഴിലാളി ക്യാമ്പുകൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ തുടങ്ങിയവ സന്ദർശിച്ച് പൊതുജനാരോഗ്യ നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുക.

## VI.6. പരിസ്ഥിതി ശുചിത്വം ഉറപ്പാക്കൽ

- പ്രവർത്തന പ്രദേശത്ത് ഫീൽഡ് പ്രവർത്തനത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ സന്ദർശിക്കുകയും ശുചിത്വ സംബന്ധമായ വീഴ്ച കണ്ടെത്തി തിരുത്തൽ നടപടികൾ സ്വീകരിക്കുകയും മേലധികാരികൾക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുക.
- ഹരിത പ്രോട്ടോകോൾ നടപ്പിലാക്കാൻ സമൂഹത്തിന് ബോധവൽക്കരണവും പിന്തുണയും നൽകുകയും "മാലിന്യ മുക്ത കേരളം", പദ്ധതിയിൽ പങ്കാളിയാവുകയും ചെയ്യുക.
- ശുദ്ധജലം ലഭിക്കുന്നതിന് കിണറുകളുടെ നിർമ്മാണത്തിലും പരിപാലനത്തിലും ഉപദേശങ്ങൾ നൽകുക.
- പ്രദേശത്തെ ജലസ്രോതസ്സുകൾക്ക് ഉടമസ്ഥന്റെയോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ ഇടപെടൽ കൊണ്ട് സംരക്ഷണം ഉറപ്പാക്കുക.
- ഖര, ദ്രവ്യ മാലിന്യങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനത്തെ സംബന്ധിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

## VII. സംയോജനം

ഹെൽത്ത് ഇൻസ്പെക്ടർ, നവകേരള കർമ്മ പദ്ധതി (ഹരിത കേരളം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം മിഷൻ) സോഷ്യൽ സെക്യൂരിറ്റി മിഷൻ, ശുചിത്വ മിഷൻ, മറ്റ് ഏജൻസികൾ, സന്നദ്ധ സംഘടനകൾ, ആരോഗ്യ സേന, ആശ, അംഗൻവാടി പ്രവർത്തകർ, മറ്റു സഹായ സംഘടനകൾ എന്നിവയുടെ പ്രവർത്തന സംയോജനത്തോടെ പകർച്ചവ്യാധി, പകർച്ചേതര വ്യാധി, പ്രതിരോധ വർദ്ധക പ്രവർത്തനത്തിനും ആരോഗ്യത്തെ ബാധിക്കുന്ന സാമൂഹിക ഘടകങ്ങളെ സംബോധന ചെയ്യുന്നതിലും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## VIII. കോൺഫറൻസും പരിശീലനവും

**VIII.1** ഹെൽത്ത് ഇൻസ്പെക്ടറും, പബ്ളിക് ഹെൽത്ത് നഴ്സും താഴെ പറയുന്ന യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ഹാഫ്ഡേ സോണൽ, ഫുൾഡേ സോണൽ യോഗങ്ങൾ സംഘടിപ്പിച്ച് അവയുടെ റിപ്പോർട്ടുകൾ അടുത്ത പ്രവൃത്തി ദിവസം തന്നെ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഈ യോഗങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും മുൻകൂർ നിശ്ചയിച്ച പ്രകാരം ക്രമാനുസൃതമായി നടത്തേണ്ടതാണ്.

**VIII.2** കുടുംബാരോഗ്യ കേന്ദ്രത്തിലെ മാസാവലോകന യോഗം

- ഹെൽത്ത് ഇൻസ്പെക്ടർ, പബ്ളിക് ഹെൽത്ത് നഴ്സ് എന്നിവർ മാസാവലോകന യോഗം സംഘടിപ്പിക്കാൻ മെഡിക്കൽ ഓഫീസറെ സഹായിക്കേണ്ടതാണ്.
- കൺകറന്റ്/കൺസിക്യൂട്ടീവ് സൂപ്പർവിഷൻ, പതിവ് പരിശോധന, കണ്ടെത്തിയ സേവന വിടവുകൾ, പരിഹാര നടപടികൾ എന്നിവയുടെ റിപ്പോർട്ട് മാസാവലോകന യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.
- അഡ്വാൻസ് ടൂർ പ്രോഗ്രാം തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്.
- യോഗ ചർച്ചകളുടെ വെളിച്ചത്തിൽ ഹെൽത്ത് ഇൻസ്പെക്ടറും, പബ്ളിക് ഹെൽത്ത് നഴ്സും ചേർന്ന് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രതിമാസകർമ്മപദ്ധതി പൂർത്തിയാക്കി അവതരിപ്പിക്കേണ്ടതാണ്.

**VIII.3** അംഗൻവാടികളിൽ നടക്കുന്ന മാതൃ സംഗമങ്ങളിലും ഐ.സി.ഡി.എസ്. സെക്ടറൽ മീറ്റിം ഗുകളിലും പങ്കെടുക്കേണ്ടതാണ്.

- അംഗൻവാടി പ്രവർത്തകർക്ക് സമകാലിക പ്രാധാന്യമുള്ള ആരോഗ്യ വിഷയങ്ങളെ സംബന്ധിച്ച് തുടർ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

**VIII.4** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട യോഗങ്ങ ളിൽ നിർദ്ദേശാനുസരണം പങ്കെടുക്കുക.

**VIII.5** വകുപ്പുതല എല്ലാ ഔദ്യോഗിക യോഗങ്ങളിലും നിർദ്ദേശാനുസരണം പങ്കെടുക്കുക.

**VIII.6** ആശാ, ആരോഗ്യസേനാ അംഗങ്ങൾ, സാമൂഹിക നേതാക്കൾ എന്നിവരുടെയും പദ്ധതി ഗുണഭോക്താക്കളുടെയും യോഗങ്ങളും സംഘടിപ്പിക്കുക.

**VIII.7** നിർദ്ദേശാനുസരണം എല്ലാ തലത്തിലുമുള്ള പരിശീലനങ്ങളിലും പങ്കെടുക്കേണ്ടതാണ്.

**VIII.8** ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ്, ആശാ, അംഗൻവാടി പ്രവർത്തകർ, ആരോഗ്യസേന തുടങ്ങി സമൂഹത്തിലെ എല്ലാ പ്രവർത്തക സംഘങ്ങൾക്കും തുടർ പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

## IX. വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുക

- ജനറൽ ഇൻഫർമേഷൻ രജിസ്റ്റർ

- ബോധവൽക്കരണ രജിസ്റ്റർ
- സ്റ്റോക്ക്/വിതരണ രജിസ്റ്റർ
- ക്ലിനിക് രജിസ്റ്റർ
- ഫീൽഡ് ഡയറി
- പരിശോധന/നിർദ്ദേശ രജിസ്റ്റർ
- വിവിധ ദേശീയ/സംസ്ഥാന/ജില്ലാ/പഞ്ചായത്ത്തല ആരോഗ്യ പരിപാടികൾക്കുള്ള പ്രത്യേക രജിസ്റ്റർ
- ഏര്യാ മാപ്പുകളും ചാർട്ടുകളും

X. പ്രകൃതി ദുരന്തങ്ങൾ, പകർച്ചവ്യാധി വ്യാപനം തുടങ്ങിയ പൊതുജനാരോഗ്യ അടിയന്തര ഘട്ടങ്ങളിലും, പ്രത്യേക ക്യാംമ്പയിനുകളിലും, മേലധികാരികളുടെ നിർദ്ദേശമനുസരിച്ച് **മേൽപറഞ്ഞവയിൽപ്പെടാത്ത** ഉത്തരവാദിത്വങ്ങളും **നിർവ്വഹിക്കേണ്ടതാണ്**.

XI. മെഡിക്കൽ ഓഫീസർ/സൂപ്പർവൈസറുടെ ആവശ്യ പ്രകാരം മേൽ പറഞ്ഞ ചുമതല കളുമായി ബന്ധമുള്ള മറ്റ് സാങ്കേതിക ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കാൻ **ബാധ്യസ്ഥരാണ്**.